**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3747** **09-10-2025 - ൽ മറുപടിയ്ക്ക്**

**ബാലുശ്ശേരിയിലെ ഡോ. ബി. ആർ. അംബേദ്കർ മെമ്മോറിയൽ ആർട്സ് & സയൻസ് കോളേജിലെ നിർമ്മാണ പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. എം. സച്ചിൻദേവ് | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ബാലുശ്ശേരിയിൽ സ്ഥിതി ചെയ്യുന്ന ഡോ. ബി. ആർ. അംബേദ്കർ മെമ്മോറിയൽ ആർട്സ് & സയൻസ് കോളേജിൽ നിലവിൽ എന്തൊക്കെ നിർമ്മാണ പ്രവൃത്തികളാണ് നടക്കുന്നത്; പ്രസ്തുത പ്രവൃത്തികളുടെ പുരോഗതി എന്താണെന്ന് അറിയിക്കാമോ; | (എ) | ബാലുശ്ശേരിയിൽ സ്ഥിതി ചെയ്യുന്ന ഡോ. ബി. ആർ അംബേദ്കർ മെമ്മോറിയൽ ആർട്സ് & സയൻസ് കോളേജിലെ നിലവിലെ നിർമ്മാണ പ്രവൃത്തികളുടെ തൽസ്ഥിതി ചുവടെ ചേർക്കുന്നു.<br><br>1) കോളേജ് അക്കാദമിക് ബ്ലോക്ക്, കാന്റീൻ, ലേഡീസ് ഹോസ്റ്റൽ എന്നിവയുടെ നിർമ്മാണം പൂർത്തീകരിച്ച് കൈമാറിയിട്ടുണ്ട്.<br><br>2) കോളേജ് ഗേറ്റ്, സെക്യൂരിറ്റി ക്യാബിൻ എന്നിവയുടെ നിർമ്മാണം നിലവിൽ പുരോഗമിച്ചു വരുന്നു.<br><br>3) കോളേജ് ചുറ്റുമതിൽ നിർമ്മാണത്തിനായി തുക അനുവദിച്ചിട്ടുണ്ട്. തുടർ നടപടികൾ പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ചു വരുന്നു.<br><br>4) ഇന്റർലോക്ക് വർക്ക്- പൊതുമരാമത്ത് വകുപ്പ് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്.<br><br>5) ഇന്റേണൽ കോർട്ട് യാർഡ് റൂഫിംഗ്- പൊതുമരാമത്ത് വകുപ്പിൽ നിന്നും ടെൻഡർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത കോളേജിൽ നിലവിൽ എത്ര കോഴ്സുകളാണുള്ളത്; പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷയിന്മേൽ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ബി) | ഡോ. ബി.ആർ അംബേദ്കർ മെമ്മോറിയൽ ആർട്സ്&സയൻസ് കോളേജിൽ നിലവിൽ 4 കോഴ്സുകളാണുള്ളത്. പുതിയ കോഴ്സുകൾ ആരംഭിക്കുന്ന വിഷയം നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ